Draft #3 of File 71953/AC A1-1/2020/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 10-Feb-2022 04:53 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഹ്യൂമൻ ജനറ്റിക്സ് & മോളിക്യൂലർ ബയോളജി എന്ന പ്രോഗ്രാമിന്റെ നിലവിലെ പ്രസക്തിയും ടി പ്രോഗ്രാം ആരംഭിക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച വിഷയം - ഡീൻ ഓഫ് സയൻസിന്റെ ശിപാർശകൾക്കായി സമർപ്പിക്കുവാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1395/AC A 1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.02.2022

---

*പരാമർശം:*-1.ഹ്യൂമൻ ജനറ്റിക്സ് & മോളിക്യൂലർ ബയോളജി എന്ന പ്രോഗ്രാം ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ലഭിച്ച അപേക്ഷ

2.22.12.2021 തീയതിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ. 92/71953/ACA1-1/2020/VC SECTION

3.31.01.2022-ന് കൂടിയ സിൻഡിക്കേറ്റ് യോഗം (22.01) ഇനം നമ്പർ 01/22.01/220002

**ഉത്തരവ്**

ഹ്യൂമൻ ജനറ്റിക്സ് & മോളിക്യൂലർ ബയോളജി എന്ന പ്രോഗ്രാമിന്റെ നിലവിലെ പ്രസക്തിയും ടി പ്രോഗ്രാം ആരംഭിക്കേണ്ട ആവശ്യകതയും സംബന്ധിച്ച് പരാമർശം (1) പ്രകാരം അപേക്ഷ ലഭിച്ചിരുന്നു. ടി അപേക്ഷയിൽ ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നു.

- സൈബർ ഫോറൻസിക്/ഫോറൻസിക് സയൻസ് പോലെ തന്നെ നിലവിലെ കാലഘട്ടത്തിൽ ആവശ്യമായി വരാവുന്ന ഒരു പ്രോഗ്രാമാണ് ഹ്യൂമൻ ജനറ്റിക്സ് & മോളിക്യൂലർ ബയോളജി.
- നിപ്പ വൈറസ് മുതൽ ജനിതക മാറ്റം സംഭവിച്ച കോവിഡ് 19 രോഗവ്യാപനം വരെ സജീവമാകുന്ന ഈ സാഹചര്യത്തിൽ ടി പ്രോഗ്രാം ആരംഭിക്കുന്നതിന്റെ പ്രസക്തിയേറെയാണ്.
- നിലവിൽ ടി പ്രോഗ്രാം സംസ്ഥാനത്ത് ആരംഭിക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് ഉയർന്ന ഫീസ് നൽകി അന്യ സംസ്ഥാനങ്ങളിലെ സ്വാശ്രയ കോളേജുകളെ ആശ്രയിക്കേണ്ടി വരുന്നു. ഇതിനാൽ സാധാരണ വിദ്യാർത്ഥികൾക്ക് ടി പ്രോഗ്രാമിൽ തുടർപഠനം നടത്തുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

ടി അപേക്ഷ പരാമർശം (2) പ്രകാരം കൂടിയ അക്കാദമിക് കൗൺസിൽ യോഗം പരിഗണിക്കുകയും പ്രസ്തുത വിഷയം ഡീൻ ഓഫ് സയൻസിന്റെ ശിപാർശകൾക്കായി സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ടി തീരുമാനം പരാമർശം (3) പ്രകാരം കൂടിയ സിൻഡിക്കേറ്റ് യോഗം അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. ജെ.ആർ 2 (ഭരണം)/ഡി.ആർ/എ. ആർ (അക്കാദമിക് വിഭാഗം)
4. ഐ.ടി. സെൽ/യൂണിവേഴ്സിറ്റി വെബ് സൈറ്റ്
5. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യൂ.എ.സി./എ.ടി.ആർ.
6. എസി സി1/എസി സി2 സെക്ഷൻ
7. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 71953/AC A1-1/2020/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 10-Feb-2022 04:53 PM - Page 2